(എഫ്) ലൈസൻസ് ഇല്ലാതെ പണമിടപാടു നടത്തുന്നവരെ കണ്ടു പിടിക്കുകയും അനധികൃതമായി പണമിടപാടുകൾ നടത്തുന്നവർക്കെതിരെ മണി ലെൻഡിംഗ് നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനു മുള്ള നിർദ്ദേശങ്ങൾ എല്ലാ ലൈസൻസിംഗ് അതോറിറ്റിക്കും നൽകിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ വ്യവസ്ഥകൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്., കൂടാതെ അവയ്ക്ക് കാലോചിതമായ ഭേദഗതികളും വരുത്താറുണ്ട്.

സംസ്ഥാനത്തെ കുളമ്പുരോഗവിമുക്ത മേഖലയാക്കുന്നതിന് പ്രത്യേക പദ്ധതി

* 7 [580] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളമ്പുരോഗവിമുക്ത മേഖലയാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ, ബി) കുളമ്പുരോഗം പോലെയുള്ള പകർച്ചവ്യാധികൾ നിയന്ത്രിച്ച് കേരളത്തെ ഒരു കാലി രോഗനിയന്ത്രിത മേഖലയാക്കുക എന്ന ലക്ഷ്യത്തോടെ 32.36 കോടി രൂപ ചെലവുവരുന്ന അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കുന്ന സമഗ്ര രോഗനിയന്ത്രണ പദ്ധതി ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഏകദേശം 32.36 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. Vaccination
2. Outbreak Management
3. Animal Movement Management

LIBRARY ARCHIVES Kerala Legislative Assembly

4. Zero Monitoring
5. Epidemiological studies
6. Extension & Publicity
7. Manpower development
8. Information Management
9. Project Management Unit.

## വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

* 8 [581] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ;

(സി) വനേതരാവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന വനഭൂമിയ്ക്ക് പകരം ബദൽ വനവൽകരണം നടത്താത്തതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനഭൂമി വനേതരാവശ്യങ്ങൾക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ;

(എഫ്) ബദൽ വനവൽകരണത്തിനായി വർഷംതോറും ലഭിക്കുന്ന തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ജി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വനവൽകരണം നടത്തുന്ന വനച്ചെടികളുടെ അതിജീവനത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly